പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 382 06.02.2013 ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡ് ഉപയോഗിക്കുന്ന ജലസമ്പത്ത്.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ,<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്,<br>ശ്രീ. സി.മോയിൻകുട്ടി. | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ പൊതു വിഭവ മായ ജലസമ്പത്തിന്റെ വിനിയോഗ ത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ പങ്ക് ; എത്രത്തോളമാണെന്നത് കണക്കാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാന വൈദ്യുതി ബോർഡ് ജലസ്രോതസ്സുകളിൽ നിന്നും ജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനു ശേഷം ആ ജലം വീണ്ടും ജലസ്രോതസ്സുകളിലേയ്ക്ക് തന്നെ ഒഴുക്കി വിടുകയാണ് ചെയ്യുന്നത്. അതിനാൽ ജലസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കുന്നതു കൊണ്ട് പൊതു വിഭവമായ ജലസമ്പത്തിന്റെ ലഭ്യത കുറയുന്നില്ല. (കൺസംപ്റ്റീവ് ഉപഭോഗം നടക്കുന്നില്ല). ഇടുക്കി, ശബരിഗിരി, ഇടമലയാർ, ഷോളയാർ, കുറ്റ്യാടി തുടങ്ങിയ ജലവൈദ്യുത പദ്ധതികൾ ഉള്ളതുകൊണ്ട് മാത്രമാണ് വേനൽക്കാലത്ത് കുടിവെള്ളത്തിനും കൃഷിയ്ക്കും മറ്റും ഇന്ന് ആവശ്യത്തിന് ജലം ലഭ്യമാകുന്നത്. |
| (ബി) ഇതുപയോഗിച്ച് വൈദ്യുതി ബോർഡ് ഉൽപാദിപ്പിച്ച് വിതരണം നടത്തുന്ന വൈദ്യുതിയുടെ അളവും, അതിന് ഈടാക്കുന്ന വിലയും സംബന്ധിച്ച കണക്കുകൾ ശേഖരിക്കാ റുണ്ടോ; എങ്കിൽ, കഴിഞ്ഞ അഞ്ചു വർഷത്തെ | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തെ ജലവൈദ്യുത ഉൽപാദനവും സംസ്ഥാനത്തെ ശരാശരി വിലയും |

(.....2)

കണക്കുകൾ ലഭ്യമാക്കുമോ;

ചുവടെ ചേർക്കുന്നു.

| വർഷം | ജലവൈദ്യുതി ഉത്പ്പാദനം (ദശലക്ഷം യൂണിറ്റിൽ) | ശരാശരി വില |
|---|---|---|
| 2007-08 | 8292 | 3.24 |
| 2008-09 | 5812 | 3.89 |
| 2009-10 | 6624 | 3.38 |
| 2010-11 | 7063 | 3.54 |
| 2011-12 | 8019 | 3.47 |

(സി) പൊതു വിഭവത്തിന്റെ ഉപയോഗത്തിന് പകരമായി വൈദ്യുതി ബോർഡിൽ നിന്നും സീനറേജ് ഈടാക്കുന്നുണ്ടോ;

ഇല്ലെങ്കിൽ, ഗാർഹിക ഉപഭോക്താക്കൾക്ക് ആ ഇനത്തിൽ എത്രത്തോളം ഇളവനുവദിച്ച് നൽകുന്നുണ്ട് എന്നതിന്റെ വിശദാംശം നൽകാമോ?

(സി) സംസ്ഥാന വൈദ്യുതി ബോർഡ് ജലസ്രോതസ്സുകളിൽ നിന്നും ജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനു ശേഷം ആ ജലം വീണ്ടും ജലസ്രോതസ്സുകളിലേയ്ക്ക് തന്നെ ഒഴുക്കി വിടുന്നതു കാരണം പൊതുവിഭവമായ ജലസമ്പത്തിന്റെ ലഭ്യത കുറയുന്നില്ല എന്നതിനാൽ സീനറേജ് ഈടാക്കൽ എന്ന വിഷയം ഉദിക്കുന്നില്ല. നിലവിൽ രണ്ട് മാസം 400 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി ബോർഡ് ആവറേജ് എനർജി കോസ്റ്റിന്റെ 60 ശതമാനം വിലകുറച്ചാണ് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ